**Desabhimani**

**31 July 2018**

**Idukki, Idukki Dam, Water  Level, Orange Alert**

# ഇടുക്കി ജലനിരപ്പ് 2395 അടി; ഓറഞ്ച് അലർട്ട്

**ഇടുക്കി**

ഇടുക്കി ഡാമിൽ ജലനിരപ്പ് 2395ൽ എത്തിയതിനെ തുടർന്ന് അണക്കെട്ട് സുരക്ഷാ വിഭാഗം അതിജാഗ്രതാ നിർദേശം (ഓറഞ്ച് അലർട്ട്- അതിജാഗ്രത) നൽകി. ഏത് അടിയന്തര സാഹചര്യവും നേരിടാനുമുള്ള സുരക്ഷാ ക്രമീകരണങ്ങളും മുൻകരുതലുകളുമെല്ലാം പൂർത്തിയാക്കി. ദുരന്ത നിവാരണ സേനയേയും വിന്യസിച്ചു. സംഭരണിയിലെ ജലനിരപ്പ് രണ്ടടികൂടി വർധിച്ച് 2397ലോ 2399ലോ എത്തിയാൽ റെഡ് അലർട്ട്(അതീവജാഗ്രത) പ്രഖ്യാപിക്കും. തുടർന്ന് ട്രയൽറൺ നടത്തും.

സംഭരണിയുടെ പൂർണതോതിലുള്ള ശേഷി 2403 അടിയാണെങ്കിലും 2400നു മുമ്പേ തുറക്കും. ഇടുക്കി കലക്ടർ കെ ജീവൻ ബാബുവിന്റെ നേതൃത്വത്തിൽ വാഴത്തോപ്പിൽ അവലോകന യോഗം ചേർന്നു. തിങ്കളാഴ്ച രാവിലെ ചെറുതോണി അണക്കെട്ടിലെത്തിയ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല ഇതുവരെ നടത്തിയ പ്രവർത്തനങ്ങളിൽ പൂർണ സംതൃപ്തി രേഖപ്പെടുത്തി.

തിങ്കളാഴ്ച രാവിലെ 2394.58 ആയിരുന്ന ജലനിരപ്പ് രാത്രി ഒമ്പതോടെയാണ് 2395 ലെത്തിയത്. ശേഷിയുടെ 90.27 ശതമാനം. സംഭരണി മേഖലയിൽ 18.20 മി . മീറ്റർ മഴ ലഭിച്ചു. മൂലമറ്റത്ത് വൈദ്യുതോൽപാദനം 15.054 ദശലക്ഷം യൂണിറ്റാണ്. ചെറുതോണി അണക്കെട്ടിന്റെ ഷട്ടർ തുറക്കേണ്ടി വന്നാൽ താഴെ ബാധിക്കുന്ന 25 കി.മീറ്റർ പരിധിയിലുള്ള അഞ്ച് പഞ്ചായത്തുകളിൽ സർവേ നടത്തി തയ്യാറെടുപ്പുകൾ പൂർത്തിയാക്കി. വീടുകളും കടകളും ഉള്ള 200 പേർക്ക് നോട്ടീസ് നൽകി. ഉദ്യോഗസ്ഥരും ജനപ്രതിനിധികളും അടങ്ങുന്ന സംഘം പെരിയാർ പുഴയുടെ 100 മീറ്റർ ചുറ്റളവിൽ താമസിക്കുന്നവരെ നേരിൽ കണ്ടാണ് അറിയിപ്പ് നൽകിയത്. സംഭരണി തുറന്നാൽ നേരിട്ട് ബാധിക്കുന്നത് 40 കുടുംബങ്ങളെ മാത്രമാണ്. മാറ്റി പാർപ്പിക്കാനും ആവശ്യമായ ഇടം കണ്ടെത്തി. ചെറുതോണി ടൗൺ, തടിയമ്പാട്, കരിമ്പൻ, പനംകുട്ടി, പാംബ്ല എന്നിവിടങ്ങളിലെത്തിയ ഉദ്യോഗസ്ഥസംഘം വെള്ളം തുറന്നുവിട്ടാൽ ഒഴുകുന്ന മേഖലയും സന്ദർശിച്ചു. നിവാസികളെ മാറ്റിപാർപ്പിക്കാൻ നാല് കേന്ദ്രങ്ങളും തെരഞ്ഞെടുത്തിട്ടുണ്ട്.

ഷട്ടർ തുറക്കുന്നത് കാണാൻ ധാരാളം സന്ദർശകരാണ് എത്തിക്കൊണ്ടിരിക്കുന്നത്. എന്നാൽ, വെള്ളം ഒഴുകുന്ന അഞ്ച് പഞ്ചായത്തുകളിൽ സന്ദർശകരെ വിലക്കി.

അണക്കെട്ട് തുറക്കുന്നതിന് മുന്നോടിയായി വെള്ളം സുഗമമായി പരന്നൊഴുകുന്നതിന് പെരിയാർ തീരങ്ങൾ ജെസിബി ഉപയോഗിച്ച് വൃത്തിയാക്കി. ദേശീയ ദുരന്തസേനയുടെ 46 അംഗ സംഘം ചെന്നൈ ആരക്കോണത്തുനിന്നാണ് ഇടുക്കിയിലെത്തിയത്.

ക്യാപ്ടൻ പി കെ മീനയുടെ നേതൃത്വത്തിൽ ഏഴു മലയാളികളടങ്ങുന്ന സംഘം ഏത് സാഹചര്യത്തിലും സുരക്ഷയൊരുക്കുന്നതിന് പരിശീലനം ലഭിച്ചവരാണ്. സുരക്ഷയ്ക്കുള്ള ഉപകരണങ്ങളുമായിട്ടാണ് ഇവർ എത്തിയിരിക്കുന്നത്.

ദുരന്തനിവാരണ സേന, ഫയർഫോഴ്സ് എന്നിവയ്ക്ക് പുറമെ എല്ലാ സർക്കാർ വകുപ്പുകളിലേയും ഉദ്യോഗസ്ഥർ രാപ്പകൽ ജാഗ്രതയോടെ പ്രവർത്തിച്ചുവരുന്നു. ഓരോ പ്രവർത്തനവും മുഖ്യമന്ത്രിയുടെ ഓഫീസ് വിലയിരുത്തി ആവശ്യമായ നിർദേശങ്ങൾ നൽകിവരുന്നു.

**മുന്നൊരുക്കം; സമഗ്രം ശാസ്ത്രീയം: പേജ് 5**

**പ്രത്യേക പേജ് 14**